നം.എഫ്.ഡബ്ല്യു.എ6-45002/2013/ഡി.എച്ച്.എസ്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി -20.06..2013

## സർക്കുലർ

വിഷയം:- ജീവനക്കാര്യം - ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-1/ പബ്ലിക് ഹെൽത്ത് നഴ്സ്/ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ - ജീവനക്കാരുടെ സ്ഥലമാറ്റ അപേക്ഷകൾ 31.07.2013-നു മുൻപു ലഭ്യമാക്കണമെന്നതു - സംബന്ധിച്ച്

സൂചന: -

.......

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-1/ പബ്ലിക് ഹെൽത്ത് നഴ്സ്/ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ ജീവനക്കാർ സ്ഥലമാറ്റത്തിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ സർവ്വീസ് സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തി കാണുന്നില്ല. പൂർണ്ണമല്ലാത്ത അപേക്ഷകൾ പരിഗണിച്ച് സ്ഥലമാറ്റം നൽകുന്നതുവഴി പലതരത്തിലുള്ള തെറ്റുകൾ കടന്നു കൂടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇപ്രകാരമുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാനായി ഒരു പുതിയ **Format** ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. അടുത്ത ജനറൽ ട്രാൻസ്ഫർവരെ ഉള്ള സ്ഥലംമാറ്റങ്ങൾക്ക് ഈ അപേക്ഷ പ്രകാരമായിരിക്കും തീരുമാനമെടുക്കുക. ആയതിനാൽ സ്ഥലമാറ്റം ആവശ്യമുള്ള ജീവനക്കാർ മേലധികാരി മുഖാന്തിരം ഉചിത മാർഗ്ഗേന ഇതോടൊപ്പമുള്ള പെർഫോമയിൽ 31.07.2013-ന് മുൻപ് ഈ സെക്ഷനിൽ ലഭിക്കത്തക്ക വിധത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ഇതോടൊപ്പം ഉള്ള പെർഫോർയിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ വളരെ വ്യക്തമായി കൃത്യതയോടെ പൂരിപ്പിച്ച് ജില്ലാ മെഡിക്കൽ ആഫീസർ മുഖാന്തിരം എത്രയും വേഗം ലഭ്യമാക്കേണ്ടതാണ്. ഉചിതമാർഗ്ഗേന അല്ലാതെ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരു വിധ കാരണവശാലും സ്ഥലമാറ്റത്തിന് പരിഗണിക്കുകയില്ല.

സ്ഥലമാറ്റ അപേക്ഷ പെർഫോമയിൽ സമർപ്പികയും, സ്ഥലമാറ്റം ഉത്തരവു പ്രകാരം സ്ഥലമാറ്റം ലഭിക്കുകയും ചെയ്തതിനു ശേഷം സ്ഥലമാറ്റം ആവശ്യമില്ല എന്ന് അറിയിക്കുന്നവരുടെ സ്ഥലമാറ്റ ഉത്തരവുകൾ റദ്ദ് ചെയ്യുന്നതല്ല. ടി ജീവനക്കാർ കർശനമായും അനുവദിച്ച ജില്ലയിൽ ജോയിൻ ചെയ്യേണ്ടതാണ്. ആയതിനാൽ സ്ഥലമാറ്റം ആവശ്യമുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-1/ പബ്ലിക് ഹെൽത്ത് നഴ്സ്/ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ ജീവനക്കാർ മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ജില്ലാ മെഡിക്കൽ ആഫീസർ യാതൊരു കാരണവശാലും ഇതോടൊപ്പം ഉള്ള പെർഫോർമയിൽ അല്ലാതെ സമർപ്പിക്കുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-1/ പബ്ലിക് ഹെൽത്ത് നഴ്സ്/ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ ജീവനക്കാരുടെ അപേക്ഷകൾ മേൽ നടപടിക്കായി അയക്കാൻ പാടുള്ളതല്ല. ഒരു ജീവനക്കാരന്റെ ഒന്നിലധികം അപേക്ഷകൾ ജില്ലാ മെഡിക്കൽ ആഫീസർ ഈ ഓഫീസിലേയ്ക്ക് അയ്ക്കാൻ പാടില്ലാത്തതല്ല. ഒരു ജില്ലയിലെ സ്ഥലമാറ്റം ആവശ്യമുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-1/ പബ്ലിക് ഹെൽത്ത് നഴ്സ്/ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ ജീവനക്കാരുടെ ടി പെർഫോമയിലുള്ള അപേക്ഷ കവറിംഗ് ലറ്റർ സഹിതം ഒരുമിച്ച് അയക്കേണ്ടതാണെന്ന് കർശനമായും നിർദ്ദേശിക്കുന്നു. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-1/ പബ്ലിക് ഹെൽത്ത് നഴ്സ്/ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ എന്നി ജീവനക്കാരുടെ അപേക്ഷകൾ ജില്ലാ മെഡിക്കൽ ആഫീസർ വേർതിരിച്ച് സമർപ്പക്കേണ്ടതാണ്.

വിശ്വസ്തതയോടെ

ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് വേണ്ടി

പി.വി.21/6

**PROFORMA FOR APPLYING FOR TRANSFER OF JUNIOR PUBLIC HEALTH NURSE GRADE 1, PUBLIC HEALTH NURSE, PUBLIC HEALTH NURSING SUSPERVISOR**

| | | |
|---|---|---|
| 1. | Name | - |
| 2. | Designation | - |
| 3. | Present station and district | - |
| 4. | Seniority Number | - |
| 5. | Date of Retirement | - |
| 6. | Date of joining in | |
| | Present District | - |
| | Present post | - |
| 7. | PSC advice Number and date | - |
| 8. | Order and date of promotion in present post | - |
| 9. | Native District | - |
| 10 | Protection for transfer if any, then details (Evidence should be enclosed) | |
| 11. | Transfer requested district | |

1.

2.

3.

Signature of applicant:

Date:

Head of Institution:

District Medical Officer of Health concerned: